LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പി.എം.സി. മീറ്റിംഗ് എല്ലാ മാസവും ചേരുകയും പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുകയും ചെയ്യുവരുന്നു.

(ബി) കടിശ്ശികയായി 108 കോടി രൂപ നാളിതുവരെ നൽകുവാനുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച റോഡുകൾ

5 (3207) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഇക്കഴിഞ്ഞ 4 വർഷങ്ങളിൽ അനുവദിക്കപ്പെട്ട റോഡുകളുടെ പേരും അനുവദിച്ച തുകയും ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ നിർമ്മാണം ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പുതുതായി പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്താൻ പത്തനംതിട്ട ജില്ലയിൽ നിന്നും നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത റോഡുകൾ ഒന്നുംതന്നെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. റോഡ് നിർമ്മാണത്തിനാവശ്യമായ വീതി ലഭ്യമാകാത്തതും കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി യൂട്ടിലിറ്റീസ് ഷിഫ്റ്റ് ചെയ്യാത്തതുംമൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നു.

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.